

വൈറൽ

# രേഖ പറയുന്നു, സമയം കളയല്ലേ..

• ആബിദ് കോലിക്കര

നമുക്ക് ചുറ്റുമുള്ള ആളുകൾ പല തരക്കാരാണെന്ന് കൂട്ടുകാർക്കറിയാമല്ലോ. ചിലർ അധിക സമയവും ഒന്നും ചെയ്യാതെ മടിപിടിച്ചിരിക്കുന്നവരാണെങ്കിൽ മറ്റു ചിലർ എന്ത് ഊർജസ്വലരാണ്! ഒരു സമയവും വെറുതെ കളയാൻ അവർ തയ്യാറാവില്ല. കിട്ടുന്ന സമയം ഉപയോഗപ്പെടുത്തി അവർ ഓരോ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കും.

അങ്ങനെയുള്ള ആളുകളെയാണ് കൂട്ടുകാർ മാതൃകയാക്കേണ്ടത്. കോഴിക്കോട്ടുകാരിയായ രേഖ അങ്ങനെ മാതൃകയാക്കാവുന്നവരിൽ ഒരാളാണ്. ഗണിതത്തിൽ ബിരുദം നേടിയതിന് ശേഷം കോഴിക്കോട്ടെ സോഫ്റ്റ് വെയർ കമ്പനിയിൽ ഡെവലപ്പർ ആയി ജോലി ചെയ്യുകയായിരുന്നു. കുഞ്ഞിനെ നോക്കലും വീട്ടുകാര്യങ്ങളുമെല്ലാമായി ജോലി ഉപേക്ഷിക്കേണ്ടി വന്നു. പക്ഷേ എന്തെങ്കിലും ചെയ്യാതെ രേഖക്ക് സമാധാനമുണ്ടായിരുന്നില്ല. പലവിധ കൃഷികളും ആലോചിച്ചു നോക്കി. ആട് ഫാം തുടങ്ങുന്നതിനെ പറ്റിയും ചിന്തിച്ചു. വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്ന നാട്ടിൽ അതിന് പറ്റിയ സംരംഭം തന്നെ വേണമായിരുന്നു. അങ്ങനെയാണ് അക്വോപോണിക്സിനെ കുറിച്ച് കേൾക്കുന്നത്.

അക്വോപോണിക്സ് എന്താണെന്ന് കൂട്ടുകാർക്ക് മനസ്സിലിയോ? മീൻവളർത്തലും പച്ചക്കറി കൃഷിയും ചേർത്തുള്ള ഒരു രീതിയാണത്. അതിനെ പറ്റി രേഖ പഠിച്ചത് യൂട്യൂബ് വീഡിയോകളിൽ നിന്നാണ്.

ഇപ്പോൾ നാലായിരത്തിലധികം മീനും വിഷമില്ലാത്ത പച്ചക്കറിയുമെല്ലാമായി വലിയ സംഭവമായി അത് മാറി. അഞ്ച് വർഷം കൊണ്ടാണ് ഇത്തരമൊരു നേട്ടത്തിലേക്ക് രേഖ എത്തിയത്. ഇതുമായി ബന്ധപ്പെട്ട് ഒരു പുസ്തകം രചിക്കുകയും ഒരുപാട് അവാർഡുകൾ ലഭിക്കുകയും ചെയ്തു. ഉപയോഗശൂന്യമായ ഒരുപാട് കുളങ്ങൾ നമ്മുടെ നാടുകളിൽ ഉണ്ടെന്നും അതെല്ലാം ഇങ്ങനെ ഉപയോഗപ്പെടുത്തുകയാണെങ്കിൽ വലിയ മാറ്റം തന്നെയായിരിക്കും എന്നും രേഖ പറയുന്നു.

കൂട്ടുകാരേ.. ഓരോരുത്തർക്കും വ്യത്യസ്ത ചുറ്റുപാടുകൾ ആയിരിക്കും. ആ ചുറ്റുപാടിനനുസരിച്ച് ഓരോരോ കാര്യങ്ങൾ ചെയ്യുമ്പോഴാണ് നമ്മുടെ ജീവിതം പ്രകാശമുള്ളതും ഊർജസ്വലവുമായി മാറുന്നത്. അതുകൊണ്ട് നമ്മുടെ വീടുകളിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നമുക്കും ഒരുപാട് കാര്യങ്ങൾ ചെയ്യാൻ പറ്റില്ലേ.. വീട്ടുകാരുമായി ആലോചിച്ചുനോക്കൂ.. •





▸▸ ലോകത്തിലെ ആദ്യ ഹരിത മെട്രോ സർവ്വീസ്– ദൽഹി